നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5815 — 16-03-2023 - ൽ മറുപടിയ്ക്ക്

# കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിലവിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ ഗവ.മെഡിക്കൽ കോളേജിന്റെ വികസനത്തിനായി കിഫ്ബി യുടെ ധന സഹായത്തോടെ 124.95 കോടി രൂപയുടെ ഭരണാനുമതി ചുവടെപ്പറയുന്ന പ്രവർത്തികൾക്കായി നൽകിയിട്ടുണ്ട്.<br><br>1. സൂപ്പർ സ്പെഷ്യാലിറ്റി, അക്കാഡമിക് & ദന്തൽ ബ്ലോക്കുകളുടെ അറ്റകുറ്റപണികൾ (29.78 കോടി)<br><br>2. ട്രോമാ ബ്ലോക്ക് പുതിയ കെട്ടിടത്തിന്റെ 1ാംഘട്ട നിർമ്മാണം (57.69 കോടി)<br><br>3. ട്രോമാ ബ്ലോക്കിന്റെ വെർട്ടിക്കൽ എക്സ്പാൻഷൻ 2ാംഘട്ടം (37.48 കോടി)<br><br>മെയിന്റനൻസ് 1ാംഘട്ടത്തിന്റെ 35.52 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ 50 ശതമാനത്തോളം പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടുണ്ട്.<br>ട്രോമകെയർ 1ാംഘട്ടത്തിന് 88.4 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.<br>2022-23സാമ്പത്തിക വർഷത്തിൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പി.ജി ഹോസ്റ്റൽ 1ാംഘട്ട നിർമ്മാണം (2 കോടി), ഫാർമസി കോളേജിൽ അഡീഷണൽ ക്ലാസ്റ്റും നിർമ്മാണം (1 കോടി), Providing night autopsy arrangements (98.11 ലക്ഷം), Roofing the terrace level of existing examination hall and revamping of existing water treatment plant (1.75 കോടി), ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായി 7 കോടി രൂപ ചെലവഴിച്ച് 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ | (ബി) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിനായി 2023 |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തിയ കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | | -24 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ഉൾപ്പെടുത്തിയ പ്രധാന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മെഡിക്കൽ കോളേജുകളുടെ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മൂലധന ശീർഷകത്തിൽ 500 ലക്ഷം രൂപയും, റവന്യൂ ശീർഷകത്തിൽ 2115 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. റവന്യൂ ശീർഷകത്തിൽ വിവിധ സാധന സാമ ഗ്രികൾ (650 ലക്ഷം), യന്ത്രോപകരണങ്ങൾ (800 ലക്ഷം) , ചെറുകിട മരാമത്ത് പണികൾ (215 ലക്ഷം), മറ്റ് ചിലവുകൾക്കായി (450 ലക്ഷം)എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്.<br><br>ഭിന്നശേഷി വയോജനസൗഹൃദ പരിത സ്ഥിതി ഉറപ്പാക്കൽ എന്ന സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ മെഡിക്കൽ കോളേജിൽ ലിഫ്റ്റ് (30 ലക്ഷം) സജ്ജമാക്കുന്നതാണ്. മരുന്ന് ശാലകളുടെ സ്ഥാപനവും ആധുനികവൽക്കരണവും എന്ന സ്കീമിൽ ഉൾപ്പെടുത്തി ഡ്രഗ് സ്റ്റോർ നിർമ്മാണത്തിനായി 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>മെഡിക്കൽ/പാരാമെഡിക്കൽ കോളേജ് ഹോസ്റ്റൽ നിർമ്മാണവും പുനരുദ്ധാരണവും എന്ന സ്കീമിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ